# പതിനാലാം കേരള നിയമസഭ
# പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2099 05.12.2018 ൽ മറുപടിക്ക്

## എ.ടി.എം. കേന്ദ്രീകരിച്ച് നടക്കുന്ന മോഷണ ശ്രമങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ടി.എ.അഹമ്മദ് കബീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) എ.ടി.എം. കേന്ദ്രീകരിച്ച് നടക്കുന്ന മോഷണ ശ്രമങ്ങൾ തടയുന്നതിന് പോലീസിന്റെ ഭാഗത്ത് നിന്നുള്ള സുരക്ഷാ ക്രമീകരണങ്ങൾ വിശദമാക്കുമോ; | (എ) എ.ടി.എം. കേന്ദ്രീകരിച്ച് നടക്കുന്ന മോഷണ ശ്രമങ്ങൾ തടയുന്നതിന് പോലീസ് താഴെ പറയുന്ന സുരക്ഷാ ക്രമീകരണങ്ങൾ നടപ്പിലാക്കി വരുന്നു.<br>1. എ.ടി.എം. കളും മറ്റു ധനകാര്യ സ്ഥാപനങ്ങളും ഉള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് രാപകൽ ഭേദമന്യേ പോലീസ് പട്രോളിംഗും ബീറ്റും നിരന്തരമായി നടത്തി വരുന്നു.<br>2. എല്ലാ എ.ടി.എം. കളിലും പോലീസ് പട്ടാ ബുക്കുകൾ വച്ചിട്ടുള്ളതും പ്രസ്തുത പട്ടാ ബുക്ക കളിൽ ബീറ്റ് ഡ്യൂട്ടിക്ക് പോകുന്ന പോലീസുദ്യോഗസ്ഥർ ഒപ്പിട്ടു വരുന്നതുമാണ്.<br>3. എ.ടി.എം. കളുടെ അകത്തും പുറത്തും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ക്യാമറകൾ സർവ്വീസ് ചെയ്യുന്നതിനും ബാങ്ക് അധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>4. ഹൈവെ പോലീസ് ഉള്ള സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന എ.ടി.എം. കളുടെ സുരക്ഷ ഹൈവെ പോലീസ് സന്ദർശിച്ച് ഉറപ്പ് വരുത്തുന്നു.<br>5. അന്തർ സംസ്ഥാന മോഷണകേസുകളിലും മറ്റും ഉൾപ്പെട്ടിട്ടുള്ളവരുടെ ലിസ്റ്റുകൾ തയ്യാറാക്കി പ്രസ്തുത ആളുകളുടെ ഇപ്പോഴത്തെ സ്ഥിതി വിവരം അന്വേഷിച്ചു വരുന്നു.<br>6. എ.ടി.എം. കൗണ്ടറുകൾ സ്ഥിതി ചെയ്യുന്ന പ്രദേശങ്ങളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് |

| | | |
|---|---|---|
| | | നഗരസഭ/ പഞ്ചായത്ത്/ കെ. എസ്.ഇ.ബി അധികാരികൾക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സുരക്ഷാ ജീവനക്കാർ ഇല്ലാത്ത എ.ടി.എം. (ബി) കളിൽ സുരക്ഷാ ജീവനക്കാരെ നിയമിക്കുന്നതിന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ? | സുരക്ഷാ ജീവനക്കാർ ഇല്ലാത്ത എ.ടി.എം. കളിൽ സ്വന്തം നിലയിൽ സുരക്ഷ ഉറപ്പു വരുത്തണമെന്ന് ബാങ്കുകൾക്ക് വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ